കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – തിരുവനന്തപുരം കോർപ്പറേഷന്റെ 28/01/2014 ലെ 2(1)◌ാം നമ്പർ കൌൺസിൽ തീരുമാനം തടഞ്ഞുകൊണ്ടും ടി തീരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന് റഫർ ചെയ്തുകൊണ്ടും – ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 610/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 01/03/2014

പരാമർശം : 1. തിരുവനന്തപുരം നഗരസഭയുടെ 28/11/2013 ലെ 2(1)◌ാം നമ്പർ കൌൺസിൽ തീരുമാനം

2. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 3/12/2013 ലെ A10-GE3/13727/12 ◌ാം നമ്പർ കത്ത്

3. നഗരകാര്യ ഡയറക്ടറുടെ 4/1/2014 ലെ പി3./1298[illegible]/13◌ാം നമ്പർ കത്ത്

<u>ഉത്തരവ്</u>

ആലപ്പുഴ നഗരസഭയിൽ നിന്നും വിരമിച്ച ശ്രീമതി.കെ.എം.രാധാമണിയമ്മ, ശ്രീമതി.സിൻഡ്രല്ല ഡർത്താലിസ്, നെയ്യാറ്റിൻകര നഗരസഭയിൽ നിന്നും വിരമിച്ച ശ്രീ.വിക്രമൻനായർ ശ്രീ.എം.കരുണാകരൻ എന്നിവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച നൽകിയും, ടിയാളുകൾ ടി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തിരുവനന്തപുരം നഗരസഭ തിരഞ്ഞെടുത്തതിന്റെ അടിസ്ഥാനത്തിൽ ആയവ തിരുവനന്തപുരം നഗരസഭയിൽ നിന്നും നൽകുന്നതിന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തിയും നഗരകാര്യ ഡയറക്ടർ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ തിരുവനന്തപുരം നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നതുമൂലം മറ്റ് നഗരസഭകളിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് തിരുവനന്തപുരം നഗരസഭയിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നിർവ്വാഹമില്ലെന്നും ആയതിലേക്ക് അലോട്ട്മെന്റ് അനുവദിക്കണമെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച ജീവനക്കാർ ആയവ ലഭിക്കുന്നതിനായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്യുകയും ടിയാളുകൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ തിരുവനന്തപുരം നഗരസഭയിൽ നിന്നും നൽകുന്നതിനും ആയതിനുള്ള അലോട്ട്മെന്റ് നഗരകാര്യ ഡയറക്ടർ നൽകണമെന്ന വിധി സമ്പാദിച്ചിട്ടുള്ളതുമാണ്.

സർക്കാരിൽ നിന്നും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് 70 കോടിരൂ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയ്ക്ക് പെൻഷൻ വിതരണത്തിനായി 10 കോടി രൂപ അനുവദിക്കുകയും മേൽപറഞ്ഞ ജീവനക്കാർക്ക് 10 കോടിയിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതാണെന്ന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുഖേന സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുള്ളതാണ്.

എന്നാൽ തിരുവനന്തപുരം നഗരസഭാ കൗൺസിലിന്റെ പരാമർശം ഒന്നാമതായി വായിച്ച കൗൺസിൽതീരുമാന പ്രകാരം മറ്റു നഗരസഭകളിൽ നിന്നും വിരമിക്കുകയും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തിരുവനന്തപുരം നഗരസഭ ഓപ്റ്റ് ചെയ്ത ജീവനക്കാർക്ക് തിരുവനന്തപുരം നഗരസഭയിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ നൽകണമെന്ന ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധിക്കെതിരെ അപ്പീൽ സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും പെൻഷൻ പറ്റുന്ന ജീവനക്കാർക്ക് അതാത് നഗരസഭകളിൽ നിന്നും തന്നെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിന് സർക്കാരിലേക്ക് ആവശ്യപ്പെടുന്നതിനും തീരുമാനിച്ച് പ്രമേയം പാസ്സാക്കിയിട്ടുള്ളതാണ്.

1996 ലെ കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ (ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ പ്രകാരം കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് ടിയാളുകൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സൌകര്യപ്രദമായ നഗരസഭ തെരഞ്ഞെടുക്കാവുന്നതാണ്. ആകയാൽ തിരുവനന്തപുരം നഗരസഭാ കൗൺസിലിന്റെ ടി പ്രമേയം ചട്ടവിരുദ്ധമാണ്. പ്രസ്തുത തീരുമാനം സർക്കാരിന്റെ നിർദ്ദേശങ്ങൾക്കായി കേരള മുനിസിപ്പൽ ചട്ടം 49(എച്ച്) പ്രകാരം കോർപ്പറേഷൻ സെക്രട്ടറി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

1996 ലെ കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ (ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങൾ പ്രകാരം കേരള മുനിസിപ്പൽ കോമൺ

സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് ടിയാളുകൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സൌകര്യപ്രദമായ നഗരസഭ തെരഞ്ഞെടുക്കാൻ അവകാശം നൽകിയിട്ടുള്ളതാണ്. അതിനാൽ തിരുവനന്തപുരം നഗരസഭയുടെ 28/11/2013 ലെ 2(1) നം തീരുമാനം നിയമവിരുദ്ധമാണ്. ആയത് സർവ്വീസിൽ നിന്നും വിരമിച്ച നിരാലംബരായ പെൻഷൻകാർക്കും കുടുംബപെൻഷൻകാർക്കും നീതിനിഷേധിക്കുന്നതാണ്. തിരുവനന്തപുരം നഗരസഭയുടെ തെറ്റായ തീരുമാനം അടിയന്തിരമായി സ്റേറ ചെയ്യപ്പെടുന്നില്ലെങ്കിൽ ആയത് തെറ്റായ സന്ദേശം നൽകുകയും കൂടുതൽ മുനിസിപ്പാലിറ്റി / കോർപ്പറേഷനുകൾ പ്രസ്തുത തീരുമാനത്തിന്റെ മറപിടിച്ച് കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്യുമെന്ന് സർക്കാർ കരുതുന്നു. തിരുവനന്തപുരം നഗരസഭ കൌൺസിലിന്റെ 28/11/2013 ലെ തീരുമാനം കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ (ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളുടെ ലംഘനമായതിനാൽ ആയത് റദ്ദ് ചെയ്യപ്പെടേണ്ടതാണ് എന്ന് സർക്കാർ കരുതുന്നു.

മേൽ വിവരിച്ച സാഹചര്യങ്ങൾ കണക്കിലെടുത്ത് കേരള മുനിസിപ്പൽ ആക്ട് 57(4) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് തിരുവനന്തപുരം നഗരസഭയുടെ 28/11/2013 ലെ 2 (1) ാം നമ്പർ കൌൺസിൽ തീരുമാനം നടപ്പിലാക്കുന്നത് താൽക്കാലികമായി സ്റ്റേ ചെയ്തുകൊണ്ടും ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ അന്തിമ തീരുമാനത്തിനായി റഫർ ചെയ്തു കൊണ്ടും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വേണുഗോപാലൻ നായർ.എസ്
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ,
കോടതി സമുച്ചയം, വഞ്ചിയൂർ (ഉത്തരവിൽ പരാമർശിച്ച രേഖകൾ സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
ഡയറക്ടർ. ലോക്കൽ ഫണ്ട് അക്കൌണ്ട്സ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ